# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ആമുഖം

കരീപ്ര പഞ്ചായത്തിലെ വാക്കനാട് വാർഡിൽ സ്ഥിതി ചെയ്യുന്ന സരസ്വതിക്ഷേത്രമാണ് നമ്മുടെ വിദ്യാലയമായ ജി. എച്ച്. എസ്. എസ്. വാക്കനാട്. 1880-ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ പ്രീപ്രൈമറി മുതൽ 10-ാം ക്ലാസുവരെ 200-ൽ പരം കുട്ടികൾ പഠിക്കുന്നു. 2025-26 സമഗ്ര ഗുണമേന്മ വർഷമായി സംസ്ഥാന സർക്കാർ കണക്കാക്കുന്നു. സമഗ്രഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ മെച്ചപ്പെടേണ്ടത് അനിവാര്യമാണ്. അതിന്റെ ഭാഗമായി അധ്യാപകർ ഓരോ വിഷയത്തിലും ഈ വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു. വിവിധ പ്രവർത്തനങ്ങൾ അടങ്ങുന്ന റിപ്പോർട്ടാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

JOSEPHINE V G
PEN No:179259
Head Mistress
GHSS Vakkanad

# അക്കാദമിക് മാസ്റ്റർ പ്ലാൻ

HS Social Science...

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഓരോ കുട്ടിയ്ക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുവാനും, കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുവാനും വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലാബുകൾ, ലൈബ്രറികൾ കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്യമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും അതുവഴി വിദ്യാർത്ഥികൾ തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ബന്ധങ്ങൾ നിലനിർത്തുവാനും വേണ്ടി ഹൈസ്കൂൾ അധ്യാപകർ നടത്തിയ മാസ്റ്റർ പ്ലാൻ.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയാറാക്കി പഠനട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കാവശ്യമുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ സന്നദ്ധസംഘടനകൾ. |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശക്കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. | വർഷം മുഴുവനും. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | PTA. |
| മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി, സാമൂഹ്യപരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക. | സെമിനാർ, പ്രോജക്ട്, ചർച്ചകൾ സംവാദം, ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | | | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥല നിർണ്ണയം നടത്താൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. അറ്റ്ലസ് മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ഉന്നത നിലവാരം കൈവരിക്കാനുതകുന്ന പൊതുവിജ്ഞാനം വളർത്തുക. | ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ നല്കുക. വീഡിയോ പ്രദർശനം, പ്രോജക്ട് ഒപ്പം സിനിമ | അക്കാദമിക് വർഷം മുഴുവൻ. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| വ്യത്യസ്തയിനം മണ്ണിനങ്ങളെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും, നാടുകൾ സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലക്ഷ്യങ്ങളുടെ ക്രമീകരണം കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക് വർഷം മുഴുവൻ. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

Maths

# Academic Master Plan 2025-26

## High school Mathematics

വാക്കനാട് G.H.S.S ലെ 2025-26 അദ്ധ്യയന വർഷത്തെ ഹൈസ്കൂൾ വിഭാഗം ഗണിതശാസ്ത്ര അക്കാദമിക് മാസ്റ്റർ പ്ലാൻ, 2025 S.S.L.C പരീക്ഷയിൽ എല്ലാ കുട്ടികളും ഗണിതത്തിന് നല്ല മാർക്ക് വാങ്ങുകയും മറ്റ് ക്ലാസിലെ കുട്ടികൾ നല്ല നിലവാരം പുലർത്തുകയുമുണ്ടായി. 2025-26 വർഷത്തെ HS വിഭാഗം കുട്ടികൾക്ക് ഗണിതം രസകരമാക്കാനും എളുപ്പത്തിൽ മനസിലാക്കാനും ബുദ്ധിമുട്ടുകൾ പരിഹരിക്കാനുമായി കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്തോടു കൂടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ മാസം | ഗണിത അധ്യാപകർ |
| 2 | പഠനം രസകരമാക്കാൻ ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ | എല്ലാമാസവും | അധ്യാപകർ |
| 3. | ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ ക്ലബ്ബ് ലീഡർമാർ |
| 4. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകി പോരായ്മകൾ കണ്ടെത്തി പ്രവർത്തനം നൽകുന്നു. | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും |
| 5. | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | സ്കൂളുകളിലും വീടുകളിലുമുള്ള ഗണിത രൂപങ്ങൾ മനസിലാക്കുന്നു. നിത്യജീവിതവുമായി ഗണിതത്തെ ബന്ധിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ PTA |

| | | | |
|---|---|---|---|
| 6. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | മാസത്തിൽ ഒന്ന് | അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ |
| 7. ഗണിത ശേഷികളുടെ വികസനം | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ |
| 8. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയും | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| 9. ഗണിത മത്സരവേദിയിലേക്ക്, വേളകളിൽ ഊർജ്ജസ്വലത കൈവരിക്കാൻ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ, മത്സരങ്ങൾക്ക് പ്രാപ്തരാക്കാൻ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ, P.T.A |
| 10. രക്ഷിതാക്കളെ ബോധവൽക്കരിക്കാൻ | മാസത്തിൽ പി.ടി.എ നടത്തുന്നു. കുട്ടികളുടെ പഠനവിവരങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. | എല്ലാ മാസവും | അധ്യാപകർ, H.M P.T.A പ്രസിഡണ്ട് |

# HS HINDI ACADEMIC MASTER PLAN (2025-26)

എട്ടാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.<br>• ഉച്ചാരണം പരിചയപ്പെടുത്തുന്നു. | • അക്ഷരമാല കാർഡ് നൽകുന്നു.<br>• അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>• ഉച്ചാരണം കൃത്യതയോടെ പരിചയപ്പെടുത്തുന്നു. | ജൂൺ - ജൂലൈ | ഹിന്ദി അധ്യാപകർ<br>BRC |
| • ആഴ്ച്ചയുടെ പേര് എണ്ണം എന്നിവ പരിചയപ്പെടുത്തുന്നു. | • ഓരോ വിദ്യാർത്ഥിയുടെയും ജനന തിയതി ഹിന്ദിയിൽ എഴുതാൻ പഠിപ്പിക്കുന്നു.<br>• ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ആഗസ്റ്റ് - സെപ്റ്റംബർ | ഹിന്ദി അധ്യാപകർ |
| • ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും പരിശീലിപ്പിക്കുന്നു. | • പദ സൂര്യൻ, കേട്ടെഴുത്ത് എന്നിവ നൽകുന്നു.<br>• ഹിന്ദി അസംബ്ളി<br>• ക്ലാസ് ലൈബ്രറി | ഒക്ടോബർ - നവംബർ | ഹിന്ദി അധ്യാപകർ |
| • കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | • കഥ പറയൽ<br>• കഥ എഴുത്ത്<br>• ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | ഡിസംബർ - ജനുവരി | ഹിന്ദി അധ്യാപകർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ (ഒമ്പതാം തരം) | കാലം | ചുമതല |
| --- | --- | --- | --- |
| ഹിന്ദി എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | • വർക്ക് ഷീറ്റുകൾ നൽകുന്നു<br>• ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ-ആഗസ്റ്റ് | ഹിന്ദി അധ്യാപകർ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. | • ചാർട്ടുകൾ നൽകുന്നു, അതിൽനിന്ന് സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>• കഥാകവിത എന്നിവ പൂർത്തിയാക്കുവാൻ നൽകുന്നു.<br>• സൂചനാബോർഡുകൾ ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | സെപ്റ്റംബർ-നവംബർ | ഹിന്ദി അധ്യാപകർ |
| കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു. പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു. | • പോസ്റ്ററിന്റെ മോഡൽ നൽകുന്നു.<br>• വിവിധ വിഷയങ്ങൾ നൽകുന്നു, ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യനിർണയം നടത്തുന്നു.<br>• ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു | ഡിസംബർ-ജനുവരി | ഹിന്ദി അധ്യാപകർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ (പത്താം തരം) | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാവസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു | • നാടകം വേദിയിൽ അവതരിപ്പിക്കുന്നു. • സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കാൻ പറയുന്നു. | ജൂൺ - ജൂലൈ | ഹിന്ദി അധ്യാപകർ |
| സാഹിത്യാഭിരുചി വളർത്തുക. ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പ് വരുത്തുന്നു. | • പദ്യം ചൊല്ലൽ • കഥ • കവിത • പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് - ഒക്ടോബർ | ഹിന്ദി അധ്യാപകർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു കഥയെ തിരക്കഥയാക്കി മാറ്റുവാൻ അറിയുന്നു. ഡയറി എഴുതുവാൻ അറിയുന്നു. | • പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. • കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. • എല്ലാദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | നവംബർ - ജനുവരി | ഹിന്ദി അധ്യാപകർ |

GHSS VAKKANADU

# അക്കാദമിക മാസ്റ്റർ പ്ലാൻ - HS സയൻസ്.

സമഗ്രഗുണമേന്മാവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഓരോ കുട്ടിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുവാനും കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കുവാനും വിദ്യാലയത്തിലെ പഠനപിന്തുണാസംവിധാനങ്ങളായ ലാബുകൾ, ലൈബ്രറികൾ, കമ്പ്യൂട്ടർ, എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കുവാനും അതുവഴി വിദ്യാർത്ഥിക്കും വിദ്യാർത്ഥികൾ തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ നിലനിർത്തുവാനും വേണ്ടി ഹൈസ്കൂൾ സയൻസ് അധ്യാപകർ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ.

| S/no | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | അത്ഭുതകണ്ണിലൂടെ. കൗതുകം, ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| | | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| | | ക്ലാസുകളിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്രജ്ഞരുടെ ചരിത്രം, ശാസ്ത്രീയ കണ്ടുപിടുത്തത്തിലേക്കുള്ള അവരുടെ വഴികൾ, കണ്ടുപിടുത്തങ്ങൾ - ഇവയെ കുറിച്ചുള്ള ലഘു കുറിപ്പുകളും ചിത്രങ്ങളും അടങ്ങിയ ശാസ്ത്ര രേഖ എന്ന ബുക്ക്‌ലെറ്റുകൾ നിർമ്മിക്കുന്നു, പഠനോത്സവത്തിൽ പൂർത്തികരിച്ച് പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |

| Sl.no | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹിക്കേണ്ടവർ | സാമ്പത്തികം |
|---|---|---|---|---|---|
| . | ശാസ്ത്രലോകത്തേക്ക്. നിരന്തരമായി അന്വേഷണം നടത്തുകയും ലഭ്യ വിവരങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെടുത്ത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA, സയൻസ് ക്ലബ്. |
| | | · കുട്ടികൾ ഉണ്ടാക്കുന്ന മോഡലുകൾ (ശാസ്ത്ര ശാസ്ത്രദിനവുമായ ബന്ധപ്പെട്ട് പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | ശാസ്ത്രദിനം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്. |
| | | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. – ചാന്ദ്രദിനം, ) | അക്കാദമിക വർഷം । തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്. |
| . | ഹൈടെക് വേൾഡ്. മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | സയൻസ് ലാബ്, IT ലാബ് എന്നിവ അധുനികവൽക്കരിക്കുന്നു. [ Projector, ശാസ്ത്രമോഡലുകൾ സൂക്ഷിക്കാനുള്ള കബോഡുകൾ, ലാബുകളിൽ ക്ലാസുകൾ നടത്താനുള്ള അവസരങ്ങൾ ഒരുക്കുന്നു] | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA, ജില്ലാ പഞ്ചായത്ത് |

| Sl no | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക |
| --- | --- | --- | --- | --- | --- |
| 4. | ആയുർവേദ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യത്തെ സൂക്ഷിക്കുന്ന തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉദ്യാന സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA . |
| | | | അക്കാദമിക വർഷം | സയൻസ് ക്ലബ്, ECO club. | കൃഷി വകുപ്പ്, |
| | | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ് | PTA [illegible] |
| 5. | വൈജ്ഞാനിക സ്ഫുരണം അന്വേഷണത്വര വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടുപിടുത്തങ്ങളും പരിചയപ്പെടുന്ന | അക്കാദമിക വർഷം | സയൻസ് ക്ലബ്. | |
| | | സംസ്ഥാനദേശീയതലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്ന | അക്കാദമിക വർഷം | സയൻസ് ക്ലബ്, ecoclub, | |
| | | ശാസ്ത്രജ്ഞന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം । [illegible] | സയൻസ് ക്ലബ് | |

മേഖല : ഹൈസ്കൂൾ - ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കി. | Spoken English class, Library, English corner, English Assembly | ശനിയാഴ്ചകൾ Extra time | P.T.A Teacher | P.T.A |
| 2 | ഇംഗ്ലീഷിലെ കൂടുതൽ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | Cinema of Documentary English Cinema Script തയ്യാറാക്കുന്നതിന് വേണ്ടി Role Play, കൊറിയോഗ്രാഫി | ക്ലാസ്സും പ്രവർത്തനങ്ങളോടൊപ്പം അക്കാദമിക വർഷം | ടീച്ചേഴ്സ് SRG English അധ്യാപകർ | P.T.A |
| 3 | സ്വതന്ത്രവായനക്ക് സജ്ജരാക്കുക. | School English Voice, അക്ഷര കാർഡ്, ചിത്രവായന, പദസമ്പാദനം, എന്റെ പദം | ക്ലാസ്സും പ്രവർത്തനങ്ങൾ അനസാന്തി | P.T.A SRG | ഇംഗ്ലീഷ് ക്ലബ്, പി.ടി.എ |
| 4 | നാടകീകരണം | പാഠഭാഗങ്ങളുടെ Puppet show, Skit. | ക്ലാസ്സും പ്രവർത്തനം അനസാന്തി | ടീച്ചേഴ്സ് പി.ടി.എ | ഇംഗ്ലീഷ് ക്ലബ് |

| | | | | |
|---|---|---|---|---|
| 5 കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രോത്സാഹനം. | ഇംഗ്ലീഷ് റേഡിയോ കവിതാലാപന മത്സരം ആസ്വാദനക്കുറിപ്പ് Magazine, Book Review | ക്ലാസ്തലം ശനിയാഴ്ചകളും | ടീച്ചേഴ്സ് പി.ടി.എ SRG | ഇംഗ്ലീഷ് ക്ലബ്, പി.ടി.എ |
| 6 സാങ്കേതിക വിദ്യ സാധ്യതകൾ English ഭാഷാ വികസനത്തിന് | പ്രശസ്ത എഴുത്തുകാർ, വിദ്യാലയ മേഖലയിലെ പ്രമുഖ വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖം, വീഡിയോ കോൺഫറൻസ്, English Fest | വെക്കേഷൻ, ഓണം ക്രിസ്മസ് | P.T.A S.R.G Teacher | പി.ടി.എ ഇംഗ്ലീഷ് ക്ലബ് |
| 7 സംവാദ സദസ്സുകൾ സംഘടിപ്പിക്കുന്നു | Native Speakers ഇപ്പോൾ ജീവിച്ചിരിക്കുന്ന Writers- മായി വീഡിയോ- കോൺഫറൻസുകൾ. | അക്കാദമിക വർഷത്തിൽ ഒന്ന് | P.T.A SRG Teacher | S.R.G P.T.A |

# ACTION PLAN 2025-26

# Actionplan. (2025 – 2026)

5/6/2025 – പരിസ്ഥിതിദിനം.

പ്രത്യേക അസംബ്ലി, കരിവെ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ക്ലാസ്സ്, വൃക്ഷത്തൈ നടൽ, Ecoclub പോസ്റ്റർ നിർമ്മാണം, ക്വിസ് മത്സരം തുടങ്ങിയവ സംഘടിപ്പിച്ചു.

12/6/25 – ബാലവേല വിരുദ്ധദിനം.

Awarness class കൊടുത്തു. drawing competition നടത്തുകയും ചെയ്തു.

13/6/25 – ലഹരിവിരുദ്ധക്ലാസ്സ് (വിമുക്തി ക്ലബ്)

സ്കൂൾ വിദ്യാർത്ഥികളിലെ ലഹരിഉപയോഗം തടയുന്നതിനും, കുട്ടികൾക്ക് ബോധവത്കരണം നൽകുന്നതിന്റെയും ഭാഗമായി ഫൈക്കോൺ സെസ്.ഐ. രജീഷ് സാർ ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് ജൂൺ 13 ഉച്ചയ്ക്ക് 2 മണിക്ക് ഉദ്ഘാടനം ചെയ്യുകയും, സി.പി.ഒ. ഗോപ-കുമാർ സാർ ക്ലാസ്സ് കുട്ടികൾക്ക് നൽകുകയും ചെയ്തു.

~~[illegible]~~

19/6/25 – വായനാദിനം.

പ്രത്യേക അസംബ്ലി, ഭാഷാ അധ്യാപകരും അക്ഷരദീപം കൊളുത്തി, നൃത്താവിഷ്കാരം, Quiz, വായനാമൊഴികളുടെ പോസ്റ്ററുകൾ, P.N. പണിക്കർ അനുസ്മരണം, സമ്മാനവിതരണം തുടങ്ങിയ സംഘടിപ്പിച്ചു.

21/6/25 – അന്താരാഷ്ട്ര യോഗാദിനം.

24/6/25 രാവിലെ 10 മണിക്ക് 'Art of living' നെട്ടമൺകാവിന്റെ നേതൃത്വത്തിൽ UP, HS വിഭാഗം കുട്ടികൾക്ക് വേണ്ടി യോഗാചാര്യന്മാർ പരിശീലനം നൽകി.

July 5 — ബഷീർദിനം.

" 11 — ജനസംഖ്യാദിനം.

" 21 — ചാന്ദ്രദിനം

" 31 — പ്രേംചന്ദ് ദിനം.

August 6 — ഹിരോഷിമ - നാഗസാക്കിദിനം

15 — സ്വാതന്ത്ര്യദിനം

23 — ബഹിരാകാശദിനം.

September 5 — അധ്യാപകദിനം

14 — ദേശീയഹിന്ദിദിനം

16 — ഓസോൺ ദിനം.

October 2 — ഗാന്ധിജയന്തി

9 — ലോകതപാൽദിനം

13 — ലോകകാഴ്ചദിനം

16 — ലോകഭക്ഷ്യദിനം

17 — ലോക ആയുർവേദദിനം.

November 1 — കേരളപ്പിറവി